# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T 4982 — 27/06/2019-ൽ മറുപടിക്ക്

## ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിലവിൽ നിയമമുണ്ടോ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. ജലമലിനീകരണത്തിന് കാരണമാകുന്ന സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ട് വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ച് അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചു വരുന്നു. ഇത്തരം സ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതിനും നഷ്ടപരിഹാരം ഈടാക്കുന്നതിനും ടി നിയമത്തിൽ വ്യവസ്ഥയുണ്ട്, വ്യവസായ മലിനീകരണത്തിനെതിരെ ഫലപ്രദമായ നിയന്ത്രണ സംവിധാനം നിലവിലുണ്ട് |

| | | |
|---|---|---|
| | | ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട് ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേനയാണ് |

**സെക്ഷൻ ഓഫീസർ**